# ഉണർന്നിരിപ്പിൻ

## മത്തായി 25:13

**ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ.**

സ്വർഗ്ഗരാജ്യത്തെ, മണവാളനെ എതിരേൽപ്പാൻ വിളക്കും എടുത്തുകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോട് ഉപമിച്ചിരിക്കുന്നു. എന്നാൽ പത്തിൽ അഞ്ചുപേർക്ക് മാത്രമേ മണവാളനോട് കൂടെ സ്വർഗരാജ്യത്തിൽ പ്രേവേശിക്കാൻ സാധിച്ചുള്ളൂ. അവർ വളരെ ഒരുക്കത്തോട് മണവാളനെ എതിരേൽപ്പാൻ സന്നദ്ധരായിരുന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്ക് ചെന്നു വാതിൽ അടക്കുകയും ചെയ്തു. ബാക്കി അഞ്ചു പേ ർ വാതിലിൽ മുട്ടിയപ്പോൾ താൻ അവരെ അറിയുന്നില്ല എന്നു മണവാളൻ പറയുവാൻ ഇടയായി.

ഈ ഉപമയിലൂടെ നമ്മെ തന്നെ സൂക്ഷിച്ച് ഒരുങ്ങുവാനായിട്ടാണ് പഠിപ്പിക്കുന്നത്. നമുക്ക് ജീവിതത്തിൽ ചിലതു കടം വാങ്ങുവാൻ സാധ്യമല്ല എന്നാണ് മറ്റൊരു ചിന്ത. ദൈവത്തോടുള്ള ബന്ധം പാരമ്പര്യമായി അവകാശമാക്കുവാനോ, കടം വാങ്ങുവാനോ സാധിക്കുകയില്ല. അതിനായ് നാം പ്രവർത്തിക്കണം. ബുദ്ധിയുള്ളവർ അവരുടെ എണ്ണ പങ്കിടാതെയിരുന്നത് ഒരു തെറ്റായി കാണാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ അവരുടെ കാരണം ഉചിതമായിരുന്നു. 'ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്ന് വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കുവീൻ എന്ന് ഉത്തരം പറഞ്ഞു' എന്ന് നമുക്ക് **മത്തായി 25:9** കാണുവാൻ സാധിക്കുന്നു.

ഒരിക്കൽ നമുക്ക് ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെട്ടാൽ ചിലതു വീണ്ടെടുക്കാവുന്നതല്ല എന്ന ചിന്തയാണ് അവസാനമായി ഈ വേദഭാഗത്തിൽ കാണുന്നത്.

കർത്താവേ കർത്താവെ എന്നുവിളിക്കുന്ന ഏവനുമല്ല സ്വർഗസ്ഥനായപിതാവിന്റെ ഇഷ്ട്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗത്തിൽ പ്രേവേശിക്കുന്നത്. നമ്മുടെ ജീവിതയാത്രയിൽ ഒന്നിലധികം പ്രാവശ്യം നമുക്ക് അവസരങ്ങൾ ലഭിച്ചേക്കാം. നാം നമ്മുടെ അവസരങ്ങൾ നഷ്ട്ടപെടുത്താതെ, ബുദ്ധിയുള്ള കന്യകമാരെപ്പോലെ, നമ്മുടെ വിളി തിരിച്ചറിഞ്ഞു അത്യുത്സാഹത്തോടും, അനുസരണയോടും, വിശ്വസ്തതയോടു കൂടെ നിർവഹിക്കണം. പിതാവിന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി നാം നമ്മെ തന്നെ ഏല്പിച്ചുകൊടുക്കണം. **മത്തായി 28:20** ഇപ്രകാരം പറയുന്നു: "ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു.

അതുകൊണ്ട് പ്രിയ ദൈവജനമേ, ഈ ഉപമ അവസാനിക്കുന്നത് കർത്താവിന്റെ മടങ്ങിവരവിനായി എപ്പോഴും ഒരുങ്ങിയിരിപ്പാനുള്ള മുന്നറിയിപ്പോടെയാണ്. പ്രിയന്റെ വരവ് എപ്പോഴാണെന്ന് അറിയായ്കകൊണ്ട് പരീക്ഷയിൽ അകപ്പെടാതെവണ്ണം ഉണർന്നിരുന്നു പ്രാർത്ഥിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

**പരാമർശം:**

**1 പത്രൊസ് 5:8**

നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 010**